"ഭരണഭാഷ – മാതൃഭാഷ"

നം: DGE/7135/2021-N2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 20/09/2021

**സർക്കുലർ**

വിഷയം :- പൊതുവിദ്യാഭ്യാസം – സ്കോളർഷിപ്പുകൾ – നാഷണൽ മീൻസ് -കം-മെറിറ്റ് സ്കോളർഷിപ്പ് (2021-22) – ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നത് – നിർദ്ദേശങ്ങൾ –പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച് :-

സൂചന :- നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലെ നിർദ്ദേശങ്ങൾ

*******************

കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾ ഒരു പ്ലാറ്റ്ഫോമിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിന് (എൻ.എം.എം.എസ്) അപേക്ഷകൾ സമർപ്പിക്കുന്നതിന് കേന്ദ്ര മാനവ വിഭവശേഷി വികസനമന്ത്രാലയം നിർദ്ദേശിച്ചിരിക്കുന്നു. ആയതിലെ വ്യവസ്ഥകൾ അനുസരിച്ച് ചുവടെ ചേർക്കും പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

2021-22 വർഷം പുതിയതായി നാഷണൽ മീൻസ് -കം-മെറിറ്റ് സ്കോളർഷിപ്പിന് (ഫ്രഷ്) അപേക്ഷിക്കുന്ന (2020-21 വർഷത്തിൽ നടത്തിയ എൻ.എം.എം.എസ്.സ്കോളർഷിപ്പ് പരീക്ഷയിൽ യോഗ്യരായവരും, ഇപ്പോൾ 9-ാം ക്ലാസിൽ പഠിക്കുന്നവരുമായ) കുട്ടികളും, 2018-19, 2019-20 , 2020-21 എന്നീ വർഷങ്ങളിൽ സ്കോളർഷിപ്പിന് അർഹത നേടിയവരും/ സ്കോളർഷിപ്പ് ഇപ്പോൾ (റിന്യൂവൽ) പുതുക്കാനുള്ളവരുമായ (ഇപ്പോൾ 10-ാം ക്ലാസിലും, പ്ലസ് വൺ ക്ലാസിലും,പ്ലസ് ടു ക്ലാസിലും പഠിക്കുന്ന കുട്ടികൾ ) എല്ലാ വിദ്യാർത്ഥികളും, നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ് . <u>മേൽ കാലയളവിലെ പ്രസ്തുത സ്കോളർഷിപ്പിനുള്ള ഓഫ് ലൈൻ അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.</u> നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾ ന്യൂനപക്ഷ പ്രീ -മെട്രിക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള മറ്റ് കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കുവാൻ പാടുള്ളതല്ല. എൻ.എം.എം.എസ്. സ്കോളർഷിപ്പിന് നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (എൻ.എസ്.പി) വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള **<u>അവസാന തീയതി 2021 നവംബർ 15 ആണ്.</u>**

**<u>മേൽ വിഷയവുമായി ബന്ധപെട്ട പൊതു നിർദേശങ്ങൾ ചുവടെ ചേർക്കുന്നു</u>**

1. National Scholarship portal-2.0 (www.sholarships.gov.in എന്ന വെബ്സൈറ്റ്) വഴിയാണ് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കേണ്ടത്.

2. എൻ.എം.എം.എസ് സ്കോളർഷിപ്പിന് പുതുതായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് വേണ്ടി നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (NSP -2.0) ലെ **<u>NEW REGISTRATION</u>** എന്ന ലിങ്ക് ഉപയോഗിക്കേണ്ടതാണ്.

3. ഓൺലൈൻ അപേക്ഷയോടൊപ്പം മറ്റ് രേഖകൾ (വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്ക്, ആധാർ തുടങ്ങിയവ) ഒന്നും സ്കാൻ ചെയ്ത് അയയ്ക്കുവാൻ പാടുള്ളതല്ല. എന്നാൽ , ആധാർ നമ്പർ ലഭിച്ചിട്ടില്ലാത്ത കുട്ടികൾ , രജിസ്ട്രേഷൻ സമയം ബാങ്ക് പാസ് ബുക്ക് സ്കാൻ ചെയ്ത് സബ്മിറ്റ് ചെയ്യേണ്ടതും, ഓൺലൈൻ അപേക്ഷ പൂരിപ്പിച്ച ശേഷം , ഫൈനൽ സബ്മിഷന് മുൻപ് Upload Documents എന്ന ഭാഗത്ത് " Bonafied Student of Institution " എന്നതിന് നേരെയുള്ള ഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് പ്രഥമാധ്യാപകന്റെ സാക്ഷ്യപ്പെടുത്തലിന് ശേഷം സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ്.

4. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ സ്റ്റുഡന്റ്സ് രജിസ്ട്രേഷൻ ഐ.ഡി (എൻ.എം.എം.എസ് സ്കോളർഷിപ്പ്) ലഭിക്കുന്നതിന് വേണ്ടി പുതിയ അപേക്ഷ സമർപ്പിക്കുമ്പോൾ (ഇപ്പോൾ 9-ാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾ) <u>സ്കോളർഷിപ്പ് കാറ്റഗറിയിൽ " പ്രീ-മെട്രിക് " സെലക്ട് ചെയ്യുക. സ്കീം ടൈപ്പ് എന്ന കോളത്തിൽ " സ്കോളർഷിപ്പ് സ്കീം " എന്നത് സെലക്ട് ചെയ്യുക.</u>

5. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പർ വഴി ലഭിക്കുന്ന ആപ്ലിക്കേഷൻ ഐ.ഡിയും, പാസ്സ്‌വേർഡും (ഉദാ:- ജനന തീയതി) ഉപയോഗിച്ച് നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലെ **<u>Login to apply എന്ന ലിങ്ക് വഴി Login</u>** ചെയ്തശേഷം പുതിയ പാസ്‌വേർഡ് എടുക്കേണ്ടതാണ്.

6. അപേക്ഷകരായ കുട്ടികൾക്ക് ലഭിക്കുന്ന User ID/Password എന്നിവ ശ്രദ്ധയോടെ എഴുതി സൂക്ഷിക്കുക.

7. എൻ.എം.എം.എസ് സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾ **<u>Competative Exam Passed എന്ന കോളത്തിൽ എൻ.എം.എം.എസ്(നാഷണൽ മീൻസ് -കം-മെറിറ്റ് സ്കോളർഷിപ്പ്) എന്ന് സെലക്ട് ചെയ്യേണ്ടതാണ്.</u>** തുടർന്ന് എൻ.എം.എം.എസ് പരീക്ഷയുടെ റോൾ നമ്പർ , പരീക്ഷ നടത്തിയ വർഷം (2020 എന്ന് രേഖപ്പെടുത്തുക), സ്റ്റേറ്റ് എന്നിവ കൃത്യമായി രേഖപ്പെടുത്തുക.

8. എൻ.എം.എം.എസ് സ്കോളർഷിപ്പിന് ഓൺലൈൻ അപേക്ഷ പൂരിപ്പിക്കുമ്പോൾ <u>SC/ST വിഭാഗം കുട്ടികൾ ഒഴികെ മറ്റുള്ള എല്ലാ വിഭാഗം കുട്ടികളും കമ്മ്യൂണിറ്റി/കാറ്റഗറി എന്നതിൽ " ജനറൽ " എന്ന് രേഖപ്പെടുത്തുക.</u>

9. എൻ.എം.എം.എസ്. സ്കോളർഷിപ്പിന് യോഗ്യരായ കുട്ടികളുടെ (ഫ്രഷ്/റിനീവൽ) വാർഷിക വരുമാന പരിധി 1,50,000-ൽ കൂടാൻ പാടുള്ളതല്ല.

10. സ്കോളർഷിപ്പിന് ഓൺലൈൻ ആയി റിന്യൂവൽ അപേക്ഷ സമർപ്പിക്കുന്നതിന് വേണ്ടി നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (NSP -2.0) ലെ **Login എന്ന ഓപ്ഷനിൽ Renewal 2021 -22** എന്ന ലിങ്ക് ഉപയോഗിക്കേണ്ടതാണ്.

11. എൻ.എം.എം.സ്കോളർഷിപ്പിന് അപേക്ഷ സമർപ്പിക്കുന്ന കുട്ടികൾക്ക് സ്കൂൾ മാറ്റി നൽകുന്നതിനുള്ള ഓപ്ഷൻ (ഫ്രഷ്/റിനീവൽ അപേക്ഷ സമർപ്പിക്കുന്ന ) നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. സ്കൂൾ /ക്ലാസ് എന്നിവയുടെ ശരിയായ അപ്ഡേഷൻ എൻ.എസ്.പിയിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ അതാത് സ്കൂൾ അധികൃതരുമായി ബന്ധപ്പെട്ട് സ്കൂൾ പ്രൊഫൈൽ അപ്ഡേറ്റ് ചെയ്ത ശേഷം സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾ **Final Submit** ചെയ്യേണ്ടതാണ്.

12. എൻ .എം.എസ്.എസ്. സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾക്ക് IX, XI ക്ലാസുകളിൽ കുറഞ്ഞത് 55% മാർക്ക് ഉണ്ടായിരിക്കേണ്ടതും X–ാം ക്ലാസിൽ 60% മാർക്കും ഉണ്ടായിരിക്കേണ്ടതാണ്. എസ്.സി./എസ്.റ്റി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് 5% മാർക്കിളവ് അനുവദിച്ചിട്ടുണ്ട്.

നിലവിൽ 9–ാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് (അതായത് ഫ്രഷ് അപേക്ഷ സമർപ്പിക്കുന്ന കുട്ടികൾക്ക് ) എൻ.എം.എം.എസ് സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിന് മാർക്ക് സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യം വരുന്ന സാഹചര്യത്തിൽ, ആയത് എത്രയും വേഗം കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് സ്കൂൾ മേധാവികൾ അതീവ ശ്രദ്ധ ചെലുത്തേണ്ടതാണ് . (ഇതിലേക്ക് പ്രധാനാധ്യാപകർ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 09/08/2021–ലെ കത്ത് നം . ക്യൂ.ഐ.പി.(1) 24765/2021/ഡി.ജി.ഇ എന്നത് പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ്.)

**എന്നാൽ 2021–22 വർഷത്തേക്ക് മാത്രം പ്രസ്തുത സ്കോളർഷിപ്പിനുള്ള റിനീവൽ അപേക്ഷ സമർപ്പിക്കുന്നവർ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ അപേക്ഷിക്കുമ്പോൾ മാർക്ക് ആവശ്യപ്പെടുന്ന ഭാഗത്ത് ' Promoted ' എന്ന് രേഖപ്പെടുത്താവുന്നതാണ്.**

13. 2021–22 അക്കാഡമിക് വർഷം നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ വിവിധ സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കുന്നതിന് വേണ്ടി മാത്രം ക്ലാസുകൾ ആരംഭിച്ച തീയതി **01/06/2021** എന്ന് പരിഗണിച്ച് നൽകേണ്ടതാണ്.

14. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ ആപ്ലിക്കേഷൻ ഐ.ഡി ലഭിക്കുന്നതിനായി രജിസ്ട്രേഷൻ നടത്തുമ്പോൾ പിശകുകൾ ഉണ്ടായാൽ (Date of Birth, Gender, Bank Account Number, IFSC, Scheme etc..) അപേക്ഷ Final Submit, ചെയ്യുന്നതിന് മുമ്പ് പോർട്ടലിലെ Withdraw Application എന്ന ഓപ്ഷൻ ഉപയോഗിച്ച് പിൻവലിച്ച ശേഷം നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ ഒരിക്കൽ കൂടി രജിസ്റ്റർ ചെയ്യേണ്ടതാണ്. അപേക്ഷ നാഷണൽ സ്കോളർഷിപ് പോർട്ടലിൽ final submit ചെയ്താൽ തിരുത്തൽ വരുത്തുവാനോ പിൻവലിക്കുവാനോ (withdraw Application) കഴിയുന്നതല്ല.

15. ഓൺലൈനായി നൽകുന്ന അപേക്ഷയിലെ വിവരങ്ങൾ അപൂർണ്ണവും , അവ്യക്തവും തെറ്റായതുമാണെങ്കിൽ സ്കോളർഷിപ്പ് തുക നഷ്ടപ്പെടാനിടയുള്ള തിനാൽ പ്രത്യേകം ശ്രദ്ധിക്കുക.

16. ആധാർ അധിഷ്ഠിതമായ സംവിധാനത്തിലാണ് സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നത്. ആയതിനാൽ അർഹരായ എല്ലാ കുട്ടികൾക്കും ആധാർ കൈവശമുള്ളത് ഉചിതമായിരിക്കും.

17. ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ (പൂരിപ്പിക്കുമ്പോൾ) അപേക്ഷകരായ കുട്ടിയുടെ പേരിലെ അക്ഷരങ്ങൾ – ആധാർ രേഖയിലും, ബാങ്ക് രേഖയിലും, സ്കൂൾ രേഖയിലും ഒരേ പോലെയാണെന്ന് ഉറപ്പു വരുത്തുക.

18. XI –ാം ക്ലാസിൽ പഠിക്കുന്ന എൻ .എം.എം.എസ് സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടുള്ള കുട്ടികൾ സ്കൂൾ തല വെരിഫിക്കേഷൻ നടത്തുന്നതിന് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ് തുടർ പരിശോധനയുമായി ബന്ധപ്പെട്ട് സ്കൂൾ മേധാവികൾ ആവശ്യപ്പെടുന്ന പക്ഷം പരിശോധനക്കായി സമർപ്പിക്കേണ്ടതാണ്.

19. <u>എൻ.എം.എം.എസ്. സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികളുടെ നിർദ്ദിഷ്ഠ വരുമാന പരിധി പരിശോധിക്കുന്നതിന് സ്കൂൾ മേധാവികൾക്ക് വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതും, ആയത് തുടർ പരിശോധനകൾക്ക് ഉതകും വിധം സ്കൂൾ മേധാവികൾ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.</u>

20. ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ (പൂരിപ്പിക്കുമ്പോൾ) മൊബൈൽ ഫോൺ കൈയ്യിൽ കരുതുക. അപേക്ഷകരായ കുട്ടികളുടെ മൊബൈൽ നമ്പറിൽ സ്കോളർഷിപ്പ് സംബന്ധിച്ച വിവരങ്ങൾ തുടർച്ചയായി നൽകുന്നതിനാൽ മൊബൈൽ ഫോൺ നമ്പർ ഇടയ്ക്കിടെ മാറ്റാതിരിക്കുക.

21. സർക്കാർ /എയ്ഡഡ് സ്കൂളുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്കൂളുകൾ എന്നിവിടങ്ങളിൽ റെഗുലർ വിദ്യാർത്ഥികളായി തുടർ പഠനം നടത്തുന്നവർക്ക് മാത്രമാണ് എൻ.എം.എം.എസ് സ്കോളർഷിപ്പിന് അർഹതയുള്ളത് എൻ.എം.എം.എസ് സ്കോളർഷിപ്പിന് അർഹരായ കുട്ടികൾ പത്താം ക്ലാസിനു ശേഷം ഡിപ്ലോമ /സർട്ടിഫിക്കേറ്റ് കോഴ്സിൽ ചേർന്ന് പഠിക്കുകയാണെങ്കിൽ തുടർന്ന് പ്രസ്തുത സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

22. 2020–21 വർഷത്തിൽ നടത്തിയ നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ് പരീക്ഷയിൽ ടി സ്കോളർഷിപ്പിന് അർഹത നേടിയിട്ടുള്ള കുട്ടികൾ പ്രീ–മെട്രിക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള മറ്റ് കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾ ഏതെങ്കിലും ലഭിക്കുന്നവരാണെങ്കിൽ, നാഷണൽ മീൻസ് കം മെരിറ്റ്

സ്കോളർഷിപ്പ് ലഭിക്കുന്നതിന്, പ്രസ്തുത സ്കോളർഷിപ്പുകൾ പുതുക്കാൻ പാടില്ലാത്തതും, നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ടി സ്കോളർഷിപ്പുകൾക്ക് നിലവിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ പിൻവലിച്ച ശേഷം നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പിന് പുതിയ ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതുമാണ്.

23. എൻ.എം.എം.എസ് സ്കോളർഷിപ്പിന് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന കുട്ടികൾ അവരുടെ ആധാർ നമ്പർ , ബാങ്ക് അക്കൗണ്ട് നമ്പർ , ബാങ്കിന്റെ ഐ.എഫ്.എസ് കോഡ്, മൊബൈൽ നമ്പർ എന്നിവ തെറ്റു കൂടാതെ അപേക്ഷയിലെ നിർദ്ദിഷ്ഠ കോളങ്ങളിൽ രേഖപ്പെടുത്തേണ്ടതാണ്.

24. എൻ.എം.എം.എസ് സ്കോളർഷിപ്പ് ഉൾപ്പടെയുള്ള വിവിധ ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കുന്നതിന് വിദ്യാർത്ഥികൾക്ക് ആവശ്യമായ സഹായങ്ങൾ/ സൗകര്യങ്ങൾ നൽകുന്നതിന് സ്കൂളുകൾ യാതൊരു വിധത്തിലുള്ള ഫീസുകളോ/സംഭാവനകളോ ഈടാക്കുവാൻ പാടുള്ളതല്ല.

25.മേൽ പ്രകാരമുള്ള വിവരങ്ങൾ വിദ്യാർത്ഥികളുടെ ശ്രദ്ധയിൽ വരത്തക്ക രീതിയിൽ അറിയിപ്പ് നൽകുന്നതിന് പ്രധാനാധ്യാപകർ/വിദ്യാഭ്യാസ ഓഫീസർമാർ ഉചിത മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signature valid
Digitally signed by SHINEMON M K
Date: 2021.09.20 15:06:04 IST
Reason: Approved

ഷൈൻ മോൻ.എം.കെ
പെൻ നം.425084
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ(അക്കാദമിക്) &
സ്റ്റേറ്റ് നോഡൽ ഓഫീസർ (സ്കോളർഷിപ്പ്)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി


പകർപ്പ് :-

1. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ് (സർക്കുലർ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്. )
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെയും പ്രഥമാധ്യാപകർക്കും


## *INSTRUCTIONS FOR  NMMS Scholarship ( for Fresh Applicants In  CLASS 9)*

**site address :  www.scholarships.gov.in**

**STEP 1 :  New Registration  എന്ന ലിങ്ക്  എടുക്കുക**




**STEP 2 :   നിർദേശങ്ങൾ വായിച്ചു നോക്കിയതിനു ശേഷം continue button click  ചെയ്യുക**



Guidelines for Registration on National Scholarship Portal

Welcome to National Scholarship Portal (NSP)

How to Apply?

Students applying for scholarship for the first time (Fresh Students) need to "Register" on the portal as fresh applicant by providing accurate and authenticated information as printed on their documents in the "Student Registration Form".

The registration form is required to be filled by parents / guardian of students who are below the age of 18 years on the date of registration.

Before initiating registration process, students / Parents / guardian are advised to keep the following documents handy


1. Educational documents of student
2. Student's Bank account number and IFSC code of the bank branch

Note: For pre matric scholarship scheme, where students do not have their own bank account, parents can provide their own account details. However, parents account number can only be used against scholarship applications for maximum two children.

3. Aadhaar number of the Student
4. If Aadhaar is not available, then Bonafide student certificate from Institute / School and
5. Aadhaar Enrolment ID and Scanned copy of Bank passbook
6. If Institute/School is different from domicile state of the applicant, then Bonafide student certificate from Institute / School

Brief instructions for filling up the online Application Form are given below (Fields marked with * are Mandatory fields)

| | |
|---|---|
| 1. Date of Birth (DOB)* | Provide DOB as printed in educational certificates. |
| 2. State of Domicile* | Domicile state means the state in which students have their permanent address.<br>Students are required to provide their domicile state correctly as the "Application Id" allotted to them will be based on domicile state. This application Id will also be used as "Login Id" on the portal and for future references. Once allotted the student will not be allowed to change the domicile State under any circumstances.<br>The student needs to provide a Bonafide Certificate in the prescribed proforma if the Students domicile state is different |



For all such cases, where student does not possess Aadhaar, he is required to provide a bonafide certificate issued by his Institute/School in the prescribed proforma along-with Aadhaar enrolment number or scanned copy of first page of his Bank passbook (containing the photograph of the applicant)

*To link your bank account with Aadhaar number for receiving scholarship in the same, please visit you bank branch and submit a "bank consent form for receiving DBT". You can check which bank is linked to your Aadhaar number on NPCI mapper here https://resident.uidai.gov.in/bank-mapper or through Aadhaar-enabled micro-ATM machine of any of these banks.

Important Note:

1. After submitting the application, the default login id and password to log into NSP portal will be sent to the provided mobile number. In case the password is not received, the option for forgot password at login page shall be used.

2. Students are advised to provide "Annual Family Income" as per the Income Certificate issued by competent authority in their scholarship application.

Undertaking By Applicant or Parents/Guardian(In Case of Minor)


I agree to the following: /मैं निम्नलिखित के लिए सहमत हूँ

- [x] I have read and understood the guidelines for registration.
मैंने पंजीकरण के लिए दिशानिर्देशों को पढ़ा और समझा है
- [x] I am aware that if more than one application is found to be filled (fresh or renewal), all my/my child's/ward's applications are liable to be rejected.
मैं जागरूक हूं कि यदि एक से अधिक आवेदन भरे हुए (ताज़ा या नवीनीकरण) पाए जाते हैं, तो मेरे सभी आवेदन अस्वीकार कर दिए जाने योग्य हैं।
- [x] I am aware that my bank account details may be changed only once after due process in accordance with the provisions of the process.
मैं जागरूक हूं कि मेरे द्वारा प्रदान किए गए बैंक खाते के विवरण में किसी भी बदलाव प्रावधानों के अनुसार नियत प्रक्रिया के बाद केवल एक बार किया जा सकता है।

Continue....



**STEP 3 : തുടർന്ന് ലഭിക്കുന്ന രജിസ്ട്രേഷൻ ഫോമിൽ ചോദിച്ചിട്ടുള്ള എല്ലാ വിവരങ്ങളും കൃത്യതയോടെ നൽകുക .**



Fresh Registration For Academic Year 2021-22

State of Domicile *: KERALA

Scholarship Category *: Pre Matric


Name of Student *: ANUSHKA M K

Scheme Type *: Scholarship Scheme

Date of Birth (DD/MM/YYYY) *: 25/07/2015

Gender *: Female

a. **NMMS scholarship നു അപേക്ഷിക്കുന്ന കുട്ടികൾ *Scholarship Category* എന്ന കോളത്തിൽ *Pre matric* എന്നും *Scheme Type* എന്ന കോളത്തിൽ *Scholarship Scheme* എന്നും select ചെയ്യുക.**



Mobile Number *

[redacted]

Email Id

Bank IFSC Code *

...........

Confirm Bank IFSC Code *

SBIN0070568

Bank A/C Number *

..........

Confirm Bank A/C Number *

[redacted]

Bank Name *

STATE BANK OF INDIA

Bank Address

STATE BANK OF INDIA

Identification Detail *

Aadhaar

Aadhaar Number

[redacted]

Please Check Aadhaar is linked with your Account.Click here


Captcha Code *

uxwRLu

☐ I have voluntarily submitted the Aadhaar number of my child / ward and I am

b. **Identification Details ൽ Aadhaar number select ചെയ്യുക. Aadhaar number ലിങ്ക് ചെയ്യാൻ കഴിയാത്ത കുട്ടികൾ Bank A/C number select ചെയ്ത്, Bank passbook ൻറെ first page സ്കാൻ ചെയ്ത് (file size-below 200kb file type -PDF/JPEG) UPLOAD ചെയ്യുക .**

c. **നൽകിയ എല്ലാ വിവരങ്ങളും കൃത്യമാണെന്ന് ഉറപ്പു വരുത്തിയ ശേഷം REGISTER button click ചെയ്യുക.**



I am aware that my child / ward's Aadhaar number will be used to establish his/her identity by matching his/her personal identification details available in Aadhaar records of UIDAI.
मैं जागरूक हूं कि मेरे बच्चे / वार्ड के आधार नंबर का उपयोग UIDAI के आधार रिकॉर्ड में उसका व्यक्तिगत पहचान विवरण मिलान करके उसकी पहचान स्थापित करने के लिए किया जाएगा। मैं जागरूक हूं कि वैकल्पिक रूप से, मेरे बच्चे / वार्ड का बैंक खाता खाते का विवरण भी प्रस्तुत किया जा सकता है।


I am aware that the Aadhaar Number of my child (if found correct) could also be used for making scholarship payments in the bank account linked* to the Aadhaar number of the child.
मैं जागरूक हूं कि मेरे बच्चे / वार्ड का आधार नंबर का उपयोग (यदि सही पाया गया), तो उसके आधार नंबर से जुड़े बैंक खाते में छात्रवृत्ति भुगतान करने के लिए भी किया जा सकता है।

*To link your bank account with Aadhaar number for receiving scholarship in the same, please visit you bank branch and submit a "bank consent form for receiving DBT". You can check which bank is linked to your Aadhaar number on NPCI mapper here https://resident.uidai.gov.in/bank-mapper or through Aadhaar-enabled micro-ATM machine of any of these banks.

***For first time login, OTP (One Time Password) sent by NSP on the above provided mobile number will be required. Please verify mobile number before registering.

REGISTER

**STEP 4 :** **തുടർന്ന് MOBILE ലഭിക്കുന്ന MESSAGE( APPLICTION ID and DOB ) ഉപയോഗിച്ച് CONTINUE/ LOGIN TO APPLY എന്ന LINK വഴി LOGIN ചെയ്യുക.**



New User? Register | Login to Apply | Apply for Renewal | Search Institute/School/ITI | Scheme Wise Scholarship Sanctioned List


STUDENT REGISTERED SUCCESSFULLY

STUDENT APPLICATION ID KL202122000143780


* Kindly Note it down for feature Reference. This will serve as your login id and password sent at your registered mobile number

CONTINUE CLOSE

**STEP5 : ENTER APPLICATION ID AND PASSSWORD (DOB) HERE**





**STEP6 : MOBILE ൽ മെസ്സേജ് ആയി ലഭിക്കുന്ന OTP കൊടുക്കുക**





**NOTE: Change mobile number എന്ന option ഉപയോഗിച്ചു ആവശ്യമെങ്കിൽ മാത്രം മൊബൈൽ നമ്പർ ചേഞ്ച് ചെയ്യാവുന്നതാണ്.**

**STEP7 : PASSWORD CHANGE ചെയ്യുക**





**Eg : Abcde123#**

**STEP 8 : password ശരിയായി reset ചെയ്യുമ്പോൾ കുട്ടിയുടെ പേരിലുള്ള പേജ് ലഭിയ്ക്കുന്നതാണ്. ഇതിൽ application form ൽ ക്ലിക്ക് ചെയ്യുക**




Registration സമയത്ത് enter ചെയ്ത വിവരങ്ങളിൽ തെറ്റുണ്ടെങ്കിൽ (state, name, gender, scheme, dob, a/c number, ifsc ...) "Withdraw Application" എന്ന ലിങ്ക് ഉപയോഗിച്ച് (FINAL SUBMIT നു മുൻപ് ) Application withdraw ചെയ്തതിനു ശേഷം New Registration ലിങ്ക് ഉപയോഗിച്ച് പുതിയതായി രജിസ്റ്റർ ചെയ്യുക




Application form ൽ മൂന്നു ഭാഗങ്ങൾ ഉണ്ട്


1. General information
2. Academic Details
3. Other Details

Application form ൽ ചോദിച്ചിട്ടുള്ള വിവരങ്ങൾ കൃത്യതയോടെ നൽകുക





# ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**1. NMMSS നു ആദ്യമായി അപേക്ഷിക്കുന്ന കുട്ടികൾ General information ലെ community/category എന്ന കോളത്തിൽ, SC/ST കുട്ടികൾ SC/ST എന്നും ബാക്കി എല്ലാ വിഭാഗത്തിലെ കുട്ടികളും GENERAL എന്നും രേഖപ്പെടുത്തുക**



## 2. Academic details ൽ താഴെപ്പറയുന്ന കോളങ്ങളിൽ രേഖപ്പെടുത്തേണ്ടവ





**Admission/Enrollment/RegistrationNo** - **admission number of the student in the present intitute/school**

**Admission year** - **year of the admission in the present institute/school**

**Roll no** - **roll number in the present class**

**Section** - **Division of the class (A,B,C,D....)**





**Competitive Exam Qualified** - **NMMSS**

**Exam Conducted By** - **KERALA**


**Competitive Exam Roll No** - **NMMSS Exam Roll no( of 2020)**

**Competitive Exam year** - **2020**

## ഡിസബിലിറ്റി ഉള്ള കുട്ടികൾ ഡിസബിലിറ്റി സംബന്ധിച്ച വിവരങ്ങൾ ഒന്നും **രേഖപ്പെടുത്തേണ്ടതില്ല.**





## എല്ലാ വിവരങ്ങളും കൃത്യമായി നൽകിയ ശേഷം save & continue Button click ചെയ്യുക.




**STEP 11 :** തുടർന്ന് ലഭിക്കുന്ന പേജിൽ

a. CONTACT DETAILS കൊടുക്കുക

b. SCHEME DETAILS ൽ NATIONAL MEANS CUM MERIT SCHOLARSHIP SELECT ചെയ്യുക





c. ആധാർ നമ്പറിനു പകരം A/C NUMBER ഉപയോഗിച്ച് രജിസ്റ്റർ ചെയ്ത കുട്ടികൾ UPLOAD DOCUMENTS ലെ Doc format download ചെയ്ത് പൂരിപ്പിച്ചു, പ്രധാനാധ്യാപകൻ സാക്ഷ്യപെടുത്തിയ ശേഷം അപ് ലോഡ് ചെയ്തു കൊടുക്കുക.

d. എല്ലാ വിവരങ്ങളും ശരിയാണെന്ന് ഉറപ്പുവരുത്തിയ ശേഷം FINAL SUBMIT button click ചെയ്യുക


# INSTRUCTION FOR NMMS RENEWAL APPLICATIONS (FOR STUDENTS STUDYING IN CLASS X , XI, XII)

site address : www.scholarships.gov.in


## STEP1 : HOME PAGE ലെ Login ബട്ടൺ ക്ലിക്ക് ചെയ്യുക . അതിൽ നിന്നും RENEWAL 2021-22 SELECT ചെയ്യുക





STEP 2 : തുടർന്ന് ലഭിക്കുന്ന പേജിൽ കുട്ടിയുടെ APPLICATION ID PASSWORD കൊടുക്കുക. CAPTCHA ENTER ചെയ്ത് LOGIN ചെയ്യുക



**NOTE :** **Application ID / Password/ mobile no** നഷ്ടപ്പെട്ടിട്ടുള്ളവർക്ക് ഇതേ പേജിലുള്ള **Forgot application Id, Recover Password , Update Mobile Number** എന്നീ ലിങ്കുകൾ ഉപയോഗിച്ച് **recover/reset /update** ചെയ്യാവുന്നതാണ്




**STEP3 :** Login ചെയ്യുമ്പോൾ ലഭിക്കുന്ന പേജിൽ **Apply for Renewal click** ചെയ്യുക.



**STEP4 :** തുടർന്ന് ലഭിക്കുന്ന പേജിൽ താഴെയുള്ള വിവരങ്ങൾ രേഖപ്പെടുത്തുക.

**Enter the details of**

**Aadhar number,**


**Family income, mail id , Day scholar/hosteler ,Class start date ,**

**Admission no/registration no - admission number of the student in the present school**


**Admission year - (year of admission in the present school)**

**Roll no - (roll no of present class)**

**Section - (class division eg . A ,B,C ...)**



## step5: School change ഉള്ള കുട്ടികൾ Update institute എന്ന link ഉപയോഗിച്ച് update ചെയ്യുക.




## STEP 6 : എല്ലാ വിവരങ്ങളും ശരിയാണെന്ന് ഉറപ്പു വരുത്തിയ ശേഷം FINAL SUBMIT button click ചെയ്യുക

